© Government of Kerala
കേരള സർക്കാർ
2008

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
### അസാധാരണം
### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LIII<br>വാല്യം 53 | Thiruvananthapuram, Saturday<br>തിരുവനന്തപുരം, ശനി | 5th January 2008<br>2008 ജനുവരി 5<br>15th Pousha 1929<br>1929 പൌഷം 15 | No.<br>നമ്പർ | 50 |

## GOVERNMENT OF KERALA

### Transport (B) Department

### NOTIFICATION

G. O. (P) No. 1/2008/Tran. *Dated, Thiruvananthapuram, 5th January, 2008.*

**S. R. O. No. 15/2008.**—In exercise of the powers conferred by sub-section (1) of section 200 of the Motor Vehicles Act, 1988 (Central Act 59 of 1988), the Government of Kerala having considered it necessary in the public interest so to do hereby make the following amendments to the Notification issued under G. O. (P) No. 9/2002, dated the 20th March, 2002 and published as SRO No. 157/2002 in the Kerala Gazette Extraordinary No. 303 dated 22nd March, 2002, namely:—

AMENDMENT

For the entries "the Government of Kerala hereby authorise all officers of and above the rank of Assistant Motor Vehicles Inspectors of Motor Vehicles Department and all other officers of and above the rank of Sub Inspectors in the traffic branch of the Police Department and where there is no traffic branch, all officers of local police of the area of and above the rank of Circle Inspector of Police to compound the offences punishable under the various sections of the said Act specified in column (2) of the schedule below for the amounts specified in the corresponding entry in column (3) thereof." the following shall be substituted, namely:—

33/94/2008/DTP.

"The Government of Kerala hereby authorise,—

(i) all officers of and above the rank of Assistant Motor Vehicles Inspectors of Motor Vehicles Department and all other officers of and above the rank of Sub Inspectors in the traffic branch of the Police Department and where there is no traffic branch, all officers of local police of the area of and above the rank of Circle Inspector of Police to compound the offences punishable under the various sections of the said Act specified in column (2) of the schedule below for the amounts specified in the corresponding entry in column (3) thereof; and

(ii) all officers of and above the rank of Inspectors of Kerala State Road Transport Corporation to compound the offences punishable under sub-section (1) of section 178 of the Motor Vehicles Act, 1988 for offences detected in Kerala State Road Transport Corporation buses subject to the condition that the amount of fine collected shall be remitted towards appropriate head in the general revenue."

By order of the Governor,

AJOY CHAUDHURI,
*Additional Chief Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Chairman and Managing Director, Kerala State Road Transport Corporation, has informed that the number of persons travelling without ticket in Kerala State Road Transport Corporation buses are increasing day by day causing considerable drain in the daily collection of Kerala State Road Transport Corporation and has requested the Government to issue necessary order to authorise the officials of and above the rank of Inspectors of Kerala State Road Transport Corporation also in addition to the officers authorized vide Notification issued under G. O. (P) No. 9/2002 dated 20th March 2002 and published as S. R. O. No. 157/2002 in the Kerala Gazette Extraordinary No. 303, dated 22nd March 2002, to compound offence punishable under section 178 (1) of Motor Vehicles Act, 1988 for offences detected in KSRTC Buses. Government have examined the request in detail and decided to grant the request.

The Notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2006.

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ റ്റി.ആർ.1-40751/2003

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി : 5-2-2008.

## സർക്കുലർ മെമ്മോറാണ്ടം

വിഷയം:- കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന:- സർക്കാർ വിജ്ഞാപനം ജി.ഒ.(പി) നമ്പർ 1/2008/ട്രാൻ തീയതി 5-1-2008

കെ.എസ്.ആർ.ടി.സി.യുടെ പ്രധാന വരുമാന മാർഗ്ഗം ടിക്കറ്റ് വിറ്റുവരവിലൂടെ ലഭിക്കുന്ന തുകയാണ്. പ്രസ്തുത വരുമാനത്തിൽ ഉണ്ടാകുന്ന ചോർച്ച തടയേണ്ടത് അനിവാര്യമാണ്. കെ.എസ്.ആർ.ടി.സി.യുടെ യാത്രക്കാരിൽ ചിലരെങ്കിലും ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യുന്നതിൽ തല്പരരാണ്. തിരക്കുള്ള പല ബസുകളിലും മനഃപൂർവ്വം ടിക്കറ്റെടുക്കാത്തവരെ കണ്ടുപിടിച്ച് ടിക്കറ്റ് നൽകുക എന്നത് വളരെയേറെ ശ്രമകരമായ ജോലിയാണ്. ഇത് കണ്ടെത്തുന്നതിനായി വിപുലമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പലപ്പോഴും ഫലപ്രദമായ പരിശോധന നടത്താൻ കഴിയാറില്ല. കണ്ടുപിടിക്കപ്പെടുന്ന കേസുകളിന്മേൽ, ബസ് പുറപ്പെടുന്ന സ്ഥലത്തു നിന്നും നിലവിലുള്ള നിരക്കിന്റെ ഇരട്ടി ഈടാക്കാമെന്ന വ്യവസ്ഥ നിലവിലുണ്ടെങ്കിലും ഇതൊന്നും വ്യാപകമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അബദ്ധത്തിൽ ടിക്കറ്റെടുക്കാത്തവരേയും മനഃപൂർവ്വം ഒഴിഞ്ഞുമാറുന്നവരേയും ഒരേ തരത്തിൽ കണക്കാക്കുകയും ഇതിന്റെയെല്ലാം ഉത്തരവാദിത്തം കണ്ടക്ടർക്കു നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള രീതി. ടിക്കറ്റ് എടുക്കാതെ ഒഴിഞ്ഞുമാറുന്ന യാത്രക്കാരന് പ്രോൽസാഹനജനകമായ ടി രീതി മാറ്റി അത്തരക്കാരെ കണ്ടെത്തി ഒരു നിശ്ചിത തുക പിഴയായി ഈടാക്കുവാൻ പര്യാപ്തമായ നിയമം ആവശ്യമുണ്ടെന്ന് സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 1988-ലെ മോട്ടോർ വാഹന നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ആയത് ജി.ഒ.(പി) 1/2008/ഗതാഗതം തീയതി 5-1-2008 നമ്പരായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള എല്ലാ ആഫീസർമാർക്കും നിയമപ്രകാരമുള്ള പാസ്സോ ടിക്കറ്റോ ഇല്ലാത്ത യാത്രക്കാരിൽ നിന്നും 500/- രൂപ പിഴയായി ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഈടാക്കുന്ന തുക പ്രത്യേക അക്കൗണ്ടായി ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

ബസ് പരിശോധനയ്ക്കായി നിയോഗിക്കപ്പെടുന്നവർക്കുള്ള നിർദ്ദേശങ്ങൾ.

1. കെ.എസ്.ആർ.ടി.സി.യിൽ സർപ്രൈസ് സ്ക്വാഡ് ഉൾപ്പടെയുള്ള ഇൻസ്പെക്ടർ വിഭാഗത്തിനായിരിക്കും ഇതിന്റെ ചുമതല.

2. കോർപ്പറേഷന്റെ ബസിനുള്ളിൽ യാത്ര ചെയ്യുന്നവർക്കെല്ലാം നിയമാനുസൃതമായി അനുവദിക്കപ്പെട്ടിട്ടുള്ള പാസ്സോ/ടിക്കറ്റോ അവരുടെ യാത്രാവസാനം വരെ കൈവശമുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

3. യാത്രക്കാരുടെ കൈവശമുള്ള ടിക്കറ്റുകൾ ശരിയായ തരത്തിലുള്ളതാണോ എന്നും യാത്രാ രേഖകളിൽ ഉൾപ്പെട്ടതാണോ എന്നും പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

4 പരിശോധനയ്ക്കായി ടിക്കറ്റ് ആവശ്യപ്പെടുമ്പോൾ യാത്രക്കാരുടെ പക്കൽ സാധുതയുള്ള പാസ്സോ/ടിക്കറ്റോ ഇല്ലെങ്കിൽ ടിയാളെ ടിക്കറ്റില്ലാത്ത യാത്രക്കാരനായി കണക്കാക്കി പിഴ ഈടാക്കേണ്ടതാണ്.

5. കൈവശമുള്ള ടിക്കറ്റ് നിരക്കിന് യാത്ര ചെയ്യാവുന്നതിനധികം ബസിൽ തുടരുന്ന യാത്രക്കാരനേയും ടിക്കറ്റില്ലാത്ത യാത്രക്കാരനായി കണക്കാക്കാം.

6. യാത്രക്കാരൻ യാത്രാവേളകളിൽ കൂടെക്കൊണ്ടു പോകുന്ന സാധനസാമഗ്രികൾക്കും നിയമാനുസൃതമുള്ള ഇളവ് കഴിച്ചുള്ള തുകയ്ക്ക് ടിക്കറ്റ് വാങ്ങിയിട്ടില്ലെങ്കിൽ ആയതും പിഴയുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്.

7. ടിക്കറ്റ് റാക്ക്/ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ, യാത്രാ രേഖകൾ മുതലായവയും ശരിയായ രീതിയിൽ ടിക്കറ്റ് നൽകിയിട്ടുണ്ടോ, ശരിയായ സമയത്തു തന്നെയാണോ വാഹനം ഓടിക്കൊണ്ടിരിക്കുന്നത് തുടങ്ങി പരിശോധനാ സംബന്ധമായി നിലവിലുള്ള എല്ലാ നിർദ്ദേശങ്ങളും തുടർന്നും അനുവർത്തിക്കേണ്ടതാണ്.

8. ടിക്കറ്റില്ലാതെ പിടികൂടപ്പെടുന്ന യാത്രക്കാരന് അനുബന്ധം I ആയി ചേർത്തിരിക്കുന്ന മാതൃകയിൽ മെമ്മോ തയ്യാറാക്കി നൽകേണ്ടതാണ്.

9. പിഴ ഈടാക്കുന്നതിന് അനുബന്ധം-II ആയി ചേർത്തിരിക്കുന്ന ഫോം നമ്പർ റ്റി.ആർ.5-ന്റെ 3 പകർപ്പുകൾ തയ്യാറാക്കേണ്ടതും അസ്സൽ യൂണിറ്റാഫീസർക്കും, രണ്ടാമത്തെ പകർപ്പ് പിഴ അടയ്ക്കുന്ന വ്യക്തിക്കും, മൂന്നാമത്തേത് ഇൻസ്പെക്ടറും സൂക്ഷിക്കേണ്ടതുമാണ്.

10. ആഴ്ചയിൽ മൂന്നോ നാലോ ദിവസം തിരക്കുള്ള സമയങ്ങളിൽ പ്രധാനപ്പെട്ട സ്ഥലങ്ങൾ കേന്ദ്രീകരിച്ച് തീവ്ര പരിശോധനയും കൂടാതെ മറ്റു സമയങ്ങളിൽ നിലവിലുള്ള ബസ് പരിശോധനയും തുടരാവുന്നതാണ്.

11. വരുമാന ചോർച്ച കണ്ടുപിടിക്കാൻ ലക്ഷ്യമിട്ടുകൊണ്ടാകണം മുഖ്യമായും പരിശോധന നടത്തേണ്ടത്.

12. നിയമാനുസൃത ടിക്കറ്റില്ലാതെ പിടികൂടപ്പെടുന്ന യാത്രക്കാരൻ പിഴയടയ്ക്കാൻ വിസമ്മതിക്കുകയോ, അടയ്ക്കുവാനുള്ള തുക കൈശമില്ലാതിരിക്കുകയോ വരുന്ന പക്ഷം ടി യാത്രക്കാരനെ ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ ഹാജരാക്കി പരാതി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത് സംബന്ധമായി പോലീസ് സ്റ്റേഷനിൽ നൽകേണ്ട കത്തിന്റെ മാതൃക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

13. ടിക്കറ്റില്ലാത്ത യാത്രക്കാരനെ പിടികൂടി പിഴയീടാക്കുവാനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനിടയിൽ മറ്റു യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതെ ബസ് യാത്ര തുടരാൻ അനുവദിക്കേണ്ടതാണ്.

14. പിഴ ഈടാക്കുന്നതോടൊപ്പം യാത്രക്കാരൻ നിയമാനുസൃതമായി നൽകേണ്ട ടിക്കറ്റ് നിരക്കും ഈടാക്കേണ്ടതാണ്.

15. ടിക്കറ്റ് ക്രമക്കേടുകൾ സംബന്ധിച്ച് നിലവിൽ കണ്ടക്ടർക്കുള്ള ഉത്തരവാദിത്തം നിലനിൽക്കുന്നതാണ്. ഇത്തരം കേസുകളിൽ ഇപ്പോൾ അനുവർത്തിക്കുന്ന ശിക്ഷണ നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

16. ടിക്കറ്റില്ലാതെ പിടികൂടപ്പെടുന്ന യാത്രക്കാരെനെ പോലീസ് സ്റ്റേഷനിൽ ഏല്പിക്കുന്നതടക്കമുള്ള എല്ലാ രേഖകകളും യഥാസമയം കെ.എസ്.ആർ.ടി.സി.യുടെ വിജിലൻസ് ആഫീസർക്ക് കൈമാറേണ്ടതാണ്.

17. പിഴയീടാക്കുവാനായി ഉപയോഗിക്കേണ്ടതായ ഫോം റ്റി.ആർ.5 സർക്കാർ പ്രസ്സിൽ നിന്നോ/ട്രഷറിയിൽ നിന്നോ കേന്ദ്രീകൃതമായി സ്റ്റോഴ്സ് ആഫീസർ (സ്റ്റേഷനി സ്റ്റോഴ്സ്) ശേഖരിക്കേണ്ടതും സ്ക്വാഡ് വിഭാഗങ്ങളുടേയും ഇൻസ്പെക്ടർമാരുടേയും ഉപയോഗത്തിനായി യഥാസമയം അതാതു യൂണിറ്റാഫീസർമാർക്കു ലഭ്യമാക്കേണ്ടതുമാണ്.

18. സർക്കാർ ഫോം റ്റി.ആർ.5 കൈവശം സൂക്ഷിക്കുന്ന ഇൻസ്പെക്ടർമാർ ഇതു സംബന്ധമായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് ആഡിറ്റിനും/മേലുദ്യോഗസ്ഥന്മാർ ആവശ്യപ്പെടുമ്പോഴും ഹാജരാക്കേണ്ടതുമാണ്.

19. യൂണിറ്റാഫീസറും ഇൻസ്പെക്ടർമാരും സ്ഥലം മാറിപ്പോകുമ്പോഴും സർവീസിൽ നിന്ന് വിരമിക്കുമ്പോഴും അവരവർ സൂക്ഷിക്കുന്ന രജിസ്റ്റർ/ഫോം എന്നിവ അടുത്തു വരുന്ന ഉദ്യോഗസ്ഥന് രേഖാമൂലം കൈമാറേണ്ടതാണ്.

20. യാത്രക്കാരനിൽ നിന്ന് ഈടാക്കുന്ന പിഴ ഇൻസ്പെക്ടർമാർ ഡ്യൂട്ടി കഴിയുന്ന മുറയ്ക്ക് അതാതു യൂണിറ്റിലെ ക്യാഷ് കൗണ്ടറിൽ അടയ്ക്കേണ്ടതും ക്യാഷ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളയാൾ ടി തുക കെ.എസ്.ആർ.ടി.സി. ഫോം നമ്പർ സി.എ. 26 മുഖാന്തിരം "Penalty realised from Ticketless passenger due to Govt." എന്ന് രേഖപ്പെടുത്തി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുക അതാതു ദിവസത്തെ ടിക്കറ്റു വിറ്റുവരവിനോടൊപ്പം കോർപ്പറേഷന്റെ വർക്കിംഗ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

21. റ്റി.ആർ.5 ഉപയോഗിച്ച് ഈടാക്കുന്ന തുക ഫോറം നമ്പർ സി.എ. 26 നമ്പർ കാണിച്ച് ക്യാഷ് ബുക്കിന്റെ ക്യാഷ് കോളത്തിൽ "525", Penalty realised from Ticketless passenger due to Govt." എന്ന അക്കൗണ്ട് ഹെഡിൽ വരവു വയ്ക്കേണ്ടതാണ്.

22. റ്റി.ആർ.5-ന്റെ ഓരോ പകർപ്പു വീതം വിശദ വിവരത്തോടൊപ്പം അടുത്ത ദിവസം തന്നെ ചീഫ് ആഫീസിലെ ക്യാഷ് സെക്ഷനിലും ബുക്ക് സെക്ഷനിലും ലഭ്യമാക്കേണ്ടതാണ്.

23. ചീഫ് ആഫീസിലെ ക്യാഷ് സെക്ഷൻ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഇപ്രകാരം യൂണിറ്റുകളിൽ നിന്ന് ലഭ്യമാക്കുന്ന പിഴ സംബന്ധമായ കണക്കുകൾ ഒന്നിച്ചു ചേർത്ത് പ്രത്യേ ചെലാൻ മുഖാന്തിരം ട്രഷറിയിൽ "General Revenue Account"-ൽ നിക്ഷേപിക്കേണ്ടതാണ്.

24. യൂണിറ്റാഫീസുകളിലെ വാർഷിക കണക്ക് പൂർത്തിയാക്കുന്ന മുറയ്ക്ക് " 525 " എന്ന അക്കൗണ്ട് ഹെഡിൽ അന്നവശേഷിക്കുന്ന തുക ചീഫ് ആഫീസ് അക്കൗണ്ട് നമ്പർ 707 (വർക്കിംഗ് ഫണ്ട്)-ലേക്ക് മാറ്റേണ്ടതാണ്.

25. ഈ സംരംഭത്തിന് മതിയായ പ്രചാരണം നൽകേണ്ടതും എല്ലാ ബസുകളിലും ബസ് സ്റ്റേഷനുകളിലും യാത്രക്കാരുടെ ശ്രദ്ധ പതിയത്തക്ക വിധത്തിൽ വിശദ വിവരം എഴുതി പ്രദർശിപ്പിക്കേണ്ടതുമാണ്. കൂടാതെ കഴിയുന്നത്ര ദൃശ്യ/ശ്രവ്യ മാദ്ധ്യമങ്ങൾ വഴിയും ഇതേപ്പറ്റി അറിയിപ്പ് നൽകേണ്ടതാണ്.

26. ഈ പുതിയ സംവിധാനം നടപ്പിൽ വരുത്തുന്നതിനു മുമ്പായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഒരു ദിവസത്തെ പരിശീലനം സ്റ്റാഫ് ട്രെയിനിംഗ് സെന്റർ മുഖാന്തിരം നൽകേണ്ടതാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

എല്ലാ യൂണിറ്റ് ആഫീസർമാർക്കും
എല്ലാ സർപ്രൈസ് സ്ക്വാഡ് യൂണിറ്റുകൾക്കും
വിജിലൻസ് ആഫീസർക്കും
എല്ലാ മേഖലാ ആഫീസർമാർക്കും
ബന്ധപ്പെട്ട മറ്റു സെക്ഷനുകളിലേക്കും
സി.എം.ഡി.യുടെ പേഴ്സണൽ സെക്രട്ടറിക്കും
ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ആഫീസർക്കും
എല്ലാ എക്സിക്യൂട്ടിവ് ഡയറക്ടർമാർക്കും

എ.ജെ.